"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - കവടിയാർ റോഡ് വികസനം - എൽ.എ.ആർ 347/2009 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക - 4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2189/2024/LSGD തീയതി, തിരുവനന്തപുരം, 13-11-2024**

---

പരാമർശം:-
1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ്കോടതിയുടെ എൽ.എ.ആർ. 347/2009 നമ്പർ കേസിന്മേലുള്ള 20-02-2013-ലെ വിധിന്യായം.
2. സ.ഉ.(പി)നം.32/2019/ധന തീയതി 18-03-2019
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 14/08/2024-ലെ എ3/870/2008/ടിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം.3119/6-3-ൽപ്പെട്ട 0.60 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 347/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 17,07,386/- (പതിനേഴ് ലക്ഷത്തി ഏഴായിരത്തി മുന്നൂറ്റി എൺപത്തിയാറ് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന

പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം.3119/6-3-ൽപ്പെട്ടതും ശ്രീമതി സബിത സഫറിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.60 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 347/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 17,07,386/- (പതിനേഴ് ലക്ഷത്തി ഏഴായിരത്തി മുന്നൂറ്റി എൺപത്തിയാറ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി സബിത സഫറിന് (റ്റി.സി.40/1049(1), കവടിയാർ, പട്ടം പി.ഒ., തിരുവനന്തപുരം) '4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീമതി സബിത സഫർ, റ്റി.സി.40/1049(1), കവടിയാർ, പട്ടം പി.ഒ., തിരുവനന്തപുര. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/359/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 14-11-2024 12:07:50

സെക്ഷൻ ഓഫീസർ